**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2496** **27-02-2023 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പേരും വിലാസവും അവ ഏത് തരം വ്യവസായമാണെന്നും മൂലധനം മുടക്ക് എത്ര തുകയാണെന്നും എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്നും ലൈസൻസ് നമ്പർ സഹിതം ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ? | (എ) | 2022-23 സംരംഭക വർഷമായി കേരളാ ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തി വരുന്നു.<br><br>ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ, 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 7 വരെയുള്ള 250 ദിവസത്തെ കാലയളവിൽ, രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 6274 കോടി രൂപയുടെ നിക്ഷേപവും 2,20,285 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ നിലവിലുണ്ട് (www.yearofenterprises.kerala.gov.in)<br><br>ഏപ്രിൽ 1, 2022 മുതൽ ഫെബ്രുവരി 24, 2023 വരെ സംസ്ഥാനത്ത് പുതുതായി 134267 സംരംഭങ്ങൾ തുടങ്ങുകയും അവയിലൂടെ 8088.57 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്ത് ഉണ്ടാവുകയും 288038 തൊഴിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംരംഭക വർഷത്തോട് അനുബന്ധിച്ച 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം |

| | | | |
|---|---|---|---|
| | | | സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ അതാത്<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും<br>ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ